റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## ദർഘാസ് പരസ്യം

Quotation No. RBDCK/T 52/86 /2026

എറണാകുളം ജില്ലയിൽ നിർദ്ദിഷ്ട വടുതല റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച് ഏറ്റെടുത്ത കടമുറി, ഗേറ്റ്, GI ഷീറ്റ്, ഇന്റർലോക്ക് എന്നിവ പൊളിച്ചു നീക്കിക്കൊണ്ട് പോകുന്നതിനും നീക്കം ചെയ്ത സ്ഥലം നിരപ്പാക്കി വൃത്തിയാക്കുന്നതിനും വേണ്ടി താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. കെട്ടിടങ്ങളുടെ ഉദ്ദേശവില (നികുതി അടക്കം) : 46,106.02/-
2. നീക്കം ചെയ്യുന്നതിനുള്ള സമയപരിധി : 30 ദിവസം
3. ക്വട്ടേഷൻ ഫോറത്തിൻെറ വിൽപ്പന : 23.05.2026 , 5:00 PM to 30.05.2026, 12:00 PM
4. ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും : 30.05.2026 (സമയം 3:00 PM മണി വരെ)
5. ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം : ആർ.ബി.ഡി.സി.കെ പാലാരിവട്ടം ഓഫീസ്
6. ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും : 01.06.2026 (സമയം 11.00 AM)

താൽപര്യമുള്ള കരാറുകാർ 26.05.2026-ന് രാവിലെ 3.00 മണിക്ക് വടുതല പള്ളിക്കാവ് ക്ഷേത്രത്തിന് സമീപം എത്തി പൊളിച്ചുമാറ്റേണ്ട വസ്തുക്കൾ ആർ.ബി.ഡി.സി.കെ യുടെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484 2338205,

Sd/-

ജനറൽ മാനേജർ

ആർ.ബി.ഡി.സി.കെ.

തീയതി: 23.05.2026

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ കൊച്ചി പാലാരിവട്ടത്തുള്ള ഓഫീസിൽ നിന്നും ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നും ക്വട്ടേഷൻ ഫോം ലഭിക്കുന്നതാണ്.
2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 4.00 മണി വരെ ആർ.ബി.ഡി.സി.കെയുടെ പാലാരിവട്ടം ഓഫീസുമായി ഫോൺ (484)2338205, 2338206 ബന്ധപ്പെടാവുന്നതാണ്.
3. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പിയും ചേർത്ത് മുദ്രവെച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. പാലാരിവട്ടം ഓഫീസിൽ സമർപ്പിക്കേതാണ്. കവറിന് പുറത്ത് "Quotation for demolition of a structure in connection with Vaduthala ROB in Ernakulam District" and do not open before 01.06.2026 at 11:00 AM" എന്നെഴുതേണ്ടതാണ്.
4. മുദ്രവച്ച ക്വട്ടേഷനുകൾ 30.05.2026 ന് **3.00** PM വരെ ആർ.ബി.ഡി.സി.കെ.-യുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.
5. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേഴ്സ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ മറ്റ് യാതൊരു കാരണവും കൂടാതെ തന്നെ തള്ളിക്കളയുന്നതാണ്.
6. Quote ചെയ്യുന്ന തുക GST യും, മറ്റെല്ലാ നികുതികളും ഉൾപ്പടെ ആയിരിക്കണം.
7. <u>നടപടി ക്രമം</u>

a. ആർ.ബി.ഡി.സി.കെ. പാലാരിവട്ടം ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

b. വിജയിക്കുന്നയാൾ ടെണ്ടർ തുകയും ആയതിന്റെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം പൂർത്തിയാകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി മറ്റൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അക്കാരണത്താൽ പ്രവൃത്തി ഏറ്റെടുത്ത ആളിന് ഉണ്ടായേക്കാവുന്ന ഏതൊരു നഷ്ടത്തിനും ആർ.ബി.ഡി.സി.കെ ഉത്തരവാദി ആയിരിക്കുന്നതുമല്ല. കൂടാതെ മേൽ പറഞ്ഞ തുക തികയാതെ വരികയാണെങ്കിൽ ബാക്കി വരുന്ന തുക റവന്യൂ റിക്കവറി നടപടികളിലൂടെ വസൂലാക്കുന്നതുമാണ്.

c. 10% അധികത്തുക നിർദ്ദേശാനുസരണം നിശ്ചിത സമയപരിധിക്കുള്ളിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്.

8. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതതോടെ ഉള്ളടക്കത്തിൽ പ്രസ്താവിച്ച കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും ഉടമസ്ഥാവകാശം സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ ഉണ്ടാകുന്ന യാതൊരുവിധ കഷ്ട നഷ്ടങ്ങൾക്കും ആർ.ബി.ഡി.സി.കെ. ഉത്തരവാദി ആയിരിക്കുന്നതല്ല.
9. കരാറുകാരൻ ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത സ്ഥലത്തെ നിർമ്മിതികൾ അടിത്തറ ഉൾപ്പെടെ പൊളിച്ച് മുഴുവൻ കെട്ടിട അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയും, സ്ഥലം നിലവിലുള്ള ഗ്രൗണ്ട് ലെവലിൽ നിരപ്പാക്കി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്.

10. കരാർ ഉറപ്പിച്ച് 30 ദിവസത്തിനകം പൊളിച്ചു മാറ്റുന്നതിനായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ, നിർമ്മിതികൾ, അടയാളപ്പെടുത്തിയ അളവിൽ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകകൾക്കോ, വ്യക്തികൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകാത്ത വിധം നീക്കം ചെയ്യേണ്ടതാണ്. തദവസരത്തിൽ എന്തെങ്കിലും അപകടം/കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

11. ഭാഗീകമായി പൊളിക്കുന്ന നിർമ്മിതികൾ ഇലക്ട്രിക് കട്ടറുകൾ ഉപയോഗിച്ച്, ബാക്കിയാകുന്ന ഭാഗത്തിന് യാതൊരുവിധ കേടുപാടുകളും ഇല്ലാത്ത രീതിയിൽ പൊളിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരൻ സ്വന്തം ചെലവിൽ അതു പരിഹരിക്കേണ്ടതാണ്.

12. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി ആർ.ബി.ഡി.സി.കെ.യ്ക്ക് എന്തെങ്കിലും ചിലവുകൾ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായാൽ അവ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.

13. കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്ത്വത്തിലും ചെയ്യേണ്ടതാണ്.

14. കാരണമൊന്നും കാണിയ്ക്കാതെ തന്നെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്

15. പ്രൈസ് ബിഡിൽ വാഗ്ദാനം ചെയ്യുന്ന ആകെ തുക രേഖപ്പെടുത്തേണ്ടതാണ്.

16. ആർ.ബി.ഡി.സി.കെയുടെ പ്രാതിനിധ്യ ചുമതലയുള്ള എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമായിരിക്കണം പ്രവർത്തികൾ നടത്തുന്നത്.

17. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി:

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## PRICE BID

| Sl.No. | DETAILSOF STRUCTURES | | TOTAL AMOUNT IN Rs. (Including GST) |
|---|---|---|---|
| 1 | William Furtel | Shop room (2), Gate, Interlock, GI Sheet roofing | |
| | **GRAND TOTAL (including GST)** | | |

Amount in words ……………………………………………………………

Place :
Date :

Signature of Contractor
(Including Name, Address & Phone Number)